പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **3680** 20/06/2019-ൽ മറുപടിക്ക്

**അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ/സി.ടി.സ്കാൻ യൂണിറ്റുകളെ നിയന്ത്രിക്കാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | സർക്കാർ, സ്വകാര്യ മേഖലയിലടക്കം സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ/സി.ടി.സ്കാൻ യൂണിറ്റുകളെ നിയന്ത്രിക്കാൻ നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ മേഖലയിലുള്ള റേഡിയേഷൻ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ഓൺലൈൻ ജാലികയായ ഇ-ലോറ സംവിധാനം വഴിയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 സംസ്ഥാനത്ത് നിലവിൽ വന്നതിനോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ X-ray, C.T സ്കാൻ യൂണിറ്റുകളും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് മുഖേന രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ എക്സ് റേ, സി. ടി സ്കാൻ യൂണിറ്റുകൾ ഇപ്പോൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. |
| ബി) | പ്രസ്തുത യൂണിറ്റുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി)<br>സി) | മറ്റ് സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ (എ.ഇ. ആർ. ബി) വിദഗ്ദർ നടത്തുമെന്ന് എ.ഇ.ആർ. ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. റേഡിയേഷൻ സുരക്ഷാ വീഴ്ചകൾ സംബന്ധിച്ച് റേഡിയേഷൻ |
| സി) | കൃത്യമായ ഗുണനിലവാര, സുരക്ഷാ പരിശോധനകൾ എന്നിവ കൂടാതെ ഇത്തരം യൂണിറ്റുകൾ | | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നത് അർബുദമടക്കമുള്ള ഗുരുതര രോഗങ്ങൾ വരാനിടയാക്കുമെന്നതിനാൽ ഈ രംഗത്ത് കർശന പരിശോധനകൾ നടത്താൻ നടപടി സ്വീകരിക്കുമോ? | | സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 1962-ലെ ആണവോർജ്ജ നിയമ പ്രകാരം എൻഫോഴ്സ്മെൻറ് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിൽ മാത്രം നിക്ഷിപ്തമാണെന്ന് എ. ഇ. ആർ. ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തല അസസർമാർ സ്കാൻ യൂണിറ്റുകളിൽ ഗുണനിലവാര പരിശോധന നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ